

കെ.ആർ.ജി.പി,എം
വി.എച്ച്.എസ്സ് &
എച്ച്.എസ്സ്.എസ്സ്
ഓടനാവട്ടം

# കതിർ



# ആമുഖം

പൊതുവിദ്യാഭ്യാസരംഗത്ത് അഭിമാനകരമായി നിലകൊള്ളുന്ന ഓടനാവട്ടം K.R.G.P.M.VHS&HSS സ്കൂളിലെ ലിറ്റിൽകൈറ്റ്സിന്റെ ചുണക്കുട്ടികൾ സാങ്കേതിക വിദ്യപ്രയോജനപ്പെടുത്തി ഒരു ഡിജിറ്റൽ മാഗസിൻ നിങ്ങളുടെ മുന്നിൽ അവതരിപ്പിക്കുകയാണ് 2023 – 24 അധ്യയനവർഷത്തിൽ ലിറ്റിൽകൈറ്റ്സ് അംഗങ്ങൾ ഒരുക്കിയ ഈ മാഗസിന്റെ അണിയറയിൽ പ്രവർത്തിച്ച എല്ലാ കൂട്ടുകാർക്കും നന്ദി അറിയിക്കട്ടെ. ഈ മാഗസിനിലേക്ക് സർഗ്ഗരചനകൾ നൽകിയ പ്രിയ അധ്യാപകരോടും വിദ്യാർത്ഥികളോടുള്ള കടപ്പാടും ഞങ്ങൾ അറിയിക്കട്ടെ.

കൊച്ചുപ്രതിഭകളെ പ്രോത്സാഹിപ്പിക്കുന്നതിനായി കതിരിലേക്ക് എല്ലാവർക്കും സ്വാഗതം

## ഉള്ളടക്കം


| | | |
|---|---|---|
| പഴഞ്ചൊല്ലുകൾ | - | 1 |
| പോരാട്ടം | - | 2 |
| പുലരി | - | 3 |
| സ്നേഹസ്പർശം | - | 4 |
| ഏകാന്തതീരത്തിനരികെ | - | 5 |
| The Moon | - | 6 |
| Future Technology | - | 7-8 |
| വിദ്യാലയം | - | 9 |
| Riddles | - | 10 |
| The Moon | - | 11 |
| വിശപ്പ് | - | 12 |
| ഒരിക്കൽ ഒരിടത്ത് ഒരു പുഴയുണ്ടായിരുന്നു | - | 13 -14 |
| ചില പീഡിയാട്രിക്ക് സ്മരണകൾ | - | 15 -20 |
| Stop Pollution Poster | - | 21 |
| മിഥ്യ | - | 22 -23 |
| Stop Drugs Poster | - | 24 |




മാനേജർ

കെ.ആർ.ജി.പി.എം

വി.എച്ച്.എസ്സ് & എച്ച്.എസ്സ്.എസ്സ്

ഓടനാവട്ടം




As the headmaster, I am thrilled to extend my sincere wishes for the successful publication of our school's digital magazine, which aims to showcase the myriad functions and activities that take place within our institution. With a professional tone, I applaud the team behind this endeavor for their dedication, creativity, and commitment in bringing this vision to life. This digital magazine will offer a comprehensive glimpse into the vibrant, dynamic environment of our school, highlighting not only the diverse functions that play a pivotal role in the institution's smooth operation but also the myriad activities that contribute to our students' holistic development. From academic achievements and innovative projects to extracurricular events and community initiatives, this magazine will serve as a platform to celebrate and acknowledge the hard work, talent, and passion that thrive within our school community. My utmost confidence lies in the ability of our students, faculty, and staff, who will contribute their expertise and insights to curate a publication that is both informative and engaging. I have no doubt that this digital magazine will not only foster a sense of pride and accomplishment within our school but will also serve as a testament to our commitment to excellence in education.

Warm regards,

**M. Jayaprakash**
Headmaster

# പഴംഞ്ചൊല്ലുകൾ

1ചങ്ങാതി നന്നായാൽ കണ്ണാടി വേണ്ട.

2ചൊട്ടയിലെ ശീലം ചുടല വരെ.

3ചുമരില്ലാതെ ചിത്രം വരയ്ക്കാൻ പറ്റില്ല.

4ദീപസ്തംപം മഹാശ്ചര്യം, എനിക്കും കിട്ടണം പണം.

5ദാനം കിട്ടിയ പശുവിന്റെ പല്ലു നോക്കിയിട്ടു കാര്യമില്ല.

6ഈനാം പേച്ചിക്ക് മരപ്പട്ടി കൂട്ട്.

7എലിയെ പേടിച്ചു ഇല്ലം ചുടണോ?

8എല്ലു മുറിയെ പണി ചെയ്താൽ..പല്ലു മുറിയെ തിന്നാം.

9എരി തീയിൽ എണ്ണ ഒഴിക്കരുത്.

10കാണം വിറ്റും ഓണം ഉണ്ണണം.

11കണ്ടാലറിയാത്തവൻ കൊണ്ടാലറിയും.

12കണ്ടത് പറഞ്ഞാൽ കഞ്ഞി കിട്ടില്ല.

13കണ്ണിൽ കൊള്ളേണ്ടത് പുരികത്തു കൊണ്ടു.

14കണ്ണുണ്ടായാൽ പോരാ കാണണം.

15കണ്ണുപൊട്ടനും മാങ്ങയ്ക്കു കല്ലെറിയും പോലെ.

16കത്തുന്ന പുരയിൽ നിന്ന് കഴുക്കോൽ ഊരുക.

17കട്ടവനെ കിട്ടിയില്ലേൽ.. കിട്ടിയവനെ പിടിക്കുക.

18കയ്യൂക്കുള്ളവൻ കാര്യസ്ഥൻ.

SREE GANESH H
9 B



# പോരാട്ടം

അലറുന്ന  കടലും
തിരയും ചുഴിയും
എല്ലാ വഴികളിലും ഏകാന്തതീരത്തിനരികെ
നൊമ്പരക്കടലിന്റെ   തീരത്തിനരികെ
ഞാൻ ഏകയായിരിക്കവേ
ദുഖമാം   അഗ്നിയെൻ   മനസ്സാകെ
കത്തിയെരിയുന്നു
വ്രണമേറ്റ   ഓർമ്മകൾ  എൻ മനസ്സിനെ
അലട്ടവെ
ഹർഷത്തിൻ  തേൻകണത്തിനായി
ഞാൻ   കൊതിക്കുന്നു
തീരത്തിനലയാഴികളെന്നോട് ചോദിച്ചു
എന്തിന്  നീ ചിറകൊടിഞ്ഞ പക്ഷി
പോൽ   വിഷമിച്ചിരിക്കുന്നു



ANANYA A.J

# പുലരി




എന്തു മനോഹരമീപുലരി ....
മഞ്ജുമന്ദഹാസത്തോടെ
വിടരുന്നിതാ ....
സൂര്യകിരണങ്ങൾ
പതിച്ചൊരീ പുലരിയിൽ ....
പൂക്കൾതൻ ഗന്ധം പേറുന്നുവോ
നയനമനോഹര കാഴ്ചകൾ പേറുമീ
പുലരിതൻ വിസ്മയം കൺകൊള്ളുക
മഞ്ഞുതുള്ളികൾ വീണോരിലത്തുമ്പിലും
കുളിരുന്നൊരെന്നോർമ്മൾ നിറയുന്നുവോ .....
വർഷമേഘങ്ങളോടി മായുന്നുവോ ....
വാനം പാലൊളി പുഞ്ചിരി തൂകുന്നുവോ
ചിത്രപതംഗങ്ങൾ പാറുമീ പൂക്കളിൽ
പുലരിതൻ വിസ്മയം കൺകൊള്ളുക ....
മന്ദമാരുതൻ ഓടിയണയുന്നുവോ ....
പൂക്കൾ ആനന്ദ നൃത്തം കളിക്കുന്നുവോ
കിളികൾ തൻ കളഗാനം കേൾക്കുന്നുവോ
ഭൂമിദേവിതൻ മനമാകെ നിറയുന്നുവോ .....



***DEVANANDA R***
***7 C***

# സ്നേഹസ്പർശം

അമ്മേ എന്താണ് ഇവിടെ ഒച്ചയും ബഹളവും രാവിലെ തന്നെ ഈ ആടുകളുടെ നിലവിളി തുടങ്ങിയോ ! ഈ ആടുകളെ തുറന്ന വിട് എന്തൊരു ശല്യമാണ് . ആദ്യമൊക്കെ എനിക്ക് ഇഷ്ടമായിരുന്നു, പക്ഷെ ഇപ്പോൾ ഇതിന്റെ നിലവിളി കാരണം. ഈ ആടുകളെ അമ്മ കൊടുക്ക്. മോനെ നീ ഇങ്ങനൊന്നും പറയല്ലേ . നമ്മളെ പോലെ വാത്സല്യവും കരുതലും ആഗ്രഹിക്കുന്ന ഒരു വളർത്തു മൃഗമല്ലേ... നീയും ഇതുപോലെ വാത്സല്യത്തോടുകൂടെയല്ലേ വളർന്നത്. നീ സ്കൂളിൽ പോകുമ്പോൾ എനിക്കൊരു കൂട്ടാണ് ഇവറ്റകൾ. നീയില്ലെങ്കിൽ ഞാൻ ഇവരുടെകൂടെ മിണ്ടിയും പറഞ്ഞുമാണ് ഞാൻ സമയം നീക്കികളാറുള്ളത് ഞാൻ ഇവരോടാണ് . ഞാൻ പങ്കുവയ്ക്കുന്നത് . നീ ഇങ്ങനൊന്നും ഈ ആടുകളെ പറ്റിപ്പറഞ്ഞ് എന്നെ ഇനിയൊരിക്കലും വിഷമിപ്പിക്കല്ലേ . മതിയമ്മേ ഇനിയൊന്നും എനിക്ക് എല്ലാം മനസിലായി. മൂന്ന് മാസങ്ങൾക്ക ശേഷം -അമ്മേ അമ്മേ എനിക്ക് കുറച്ച് പൈസയുടെ ആവശ്യം ഉണ്ടായിരുന്നു. നിന്നെക്കെന്തിനാ പെട്ടന്ന് പൈസയുടെ ആവ്യശ്യം എന്റെ ക്ലാസിൽ നിന്ന് അവസാന വിനോദയാത്രയാണ് എനിക്ക് പോയെ പറ്റൂ . അതിന് എന്റെ കയ്യിൽ.... അമ്മ ഒന്നും പറയണ്ട ഞാൻ കഴിഞ്ഞ യാത്രയ്ക്കും പോയിരുന്നില്ല. അതുകൊണ്ട് എനിക്ക് പോയെപറ്റൂ. മോനെ അതിന് എന്റെ കയ്യിൽ ... അമ്മ ഒന്നും പറയണ്ട അമ്മ നോക്കീട്ട് ഒരു വഴി മാത്രമേ കാണുന്നൊള്ളൂ നിനക്ക് ആദ്യം ശല്യമായി തോന്നിയ എന്റെ ആ പാവം ആടുകളെ മറ്റാർക്കെങ്കിലും കൊടുക്കാം. അയ്യോ അമ്മേ അത് ഒരിക്കലും വേണ്ട. ഇങ്ങനെയെങ്കിൽ ഞാൻ പോന്നില്ല അമ്മേ . സാരമില്ല മോനെ കൊല്ലാനായി അല്ല ആ ആടുകളെ കൊടുക്കുന്നത് എന്നെപ്പോലെ നല്ലതായി നോക്കുന്നവർക്കേ ഞാൻ കൊടുക്കൂ കുറച്ച് നാൾ കഴിഞ്ഞ് ഞാൻ പൈസ ഒപ്പിച്ച് ഞാൻ വേറെ ഒരു ആടിനെ വാങ്ങിത്തരാം. അമ്മേ എനിക്ക് ഇപ്പം മനസിലായി അമ്മയ്ക്ക് ആടുകളോടുള്ള സ്നേഹം. നമ്മുക്ക് ഉടനെ തന്നെ ഒരു ആടിനെ വാങ്ങി വളർത്തണം. അമ്മ എനിക്ക് തന്ന ഈ സഹായം ഞാൻ ഒരിക്കലും മറക്കില്ലമ്മേ....

ദിയ സന്തോഷ്
7C



# ഏകാന്തതീരത്തിനരികെ

നൊമ്പരക്കടലിന്റെ തീരത്തിനരികെ
ഞാൻ ഏകയായിരിക്കവേ
ദുഖമാം അഗ്നിയെൻ മനസ്സാകെ
കത്തിയെരിയുന്നു
വ്രണമേറ്റ ഓർമ്മകൾ എൻ മനസ്സിനെ
അലട്ടവെ
ഹർഷത്തിൻ തേൻകണത്തിനായി
ഞാൻ കൊതിക്കുന്നു
തീരത്തിനലയാഴികളെന്നോട് ചോദിച്ചു
എന്തിന് നീ ചിറകൊടിഞ്ഞ പക്ഷി
പോൽ വിഷമിച്ചിരിക്കുന്നു



ഒന്നുമേ പറയാതെ ഒന്നുമേ ചൊല്ലാതെ
ഞാൻ ദുഖത്തിൻ കനവുകൾ
കണ്ടുനിന്നു
കരയുന്ന കടലിന്റെ കരയിൽ ഞാൻ
വീണ്ടും സ്വപ്നങ്ങൾ കണ്ടിരുന്നു.
ജീവിതനൗക ദിശതെറ്റി അലയുമ്പോൾ
ഓളങ്ങളെണ്ണിഞാൻപ്രയാണം നടത്തുന്നു
വേദനാസഹജമീ ഓർമ്മകളെന്നാലും
എൻ ഹൃദയാഗ്രത്തിൽ ഞാൻകുറിച്ചിടുന്നു
വീണ്ടുമോർക്കുവാൻവേണ്ടി
കരുതിടുന്നു



DEVIKA H.S
8 C

# THE MOON...

*The Gravitational Force in moon is 1/6 of earth. The average distance between the EARTH & MOON is 3,63,301 km. The diameter of moon is 3476. During the day time the temperature of moon is 134 degree celsius and ,during night time it become 153 degree celsius. The area of moon the moon is 9400 crore acre. In the moon there were no Atmosphere or clouds.*

*The study about moon is Selenology.*

*The first man who landed on moon is NEIL ARMSTRONG and the last one is HARISON SCHMITT.*

*- Amina Jalal*

**9 C**



## FUTURE TECHNOLOGY



*Predicting the furture of technology is challenging.,But several treands and areas of development can be anticipated based on current trajectories. Keep in mind that these prediction may not be entirely accurate as the future is influenced by a multitude of factors including social,ecnomic,political and ethical consideration.Here are some potential directions for future of tecnology.*



## ARTIFICIAL INTELLIGANCE(AI) & MACHINE LEARNING(ML)

*.AI and ML are likely to continue advancing with improvements in nature language processing,image recogination and decision making capablities*

*.AI application may become more interagated into various intustries including healthcare,finance manufacturing and customer service*




## 5G TECHNOLOGY

*Widespread adoption of 5G network will enable faster and more relible wireless communication supporting advancement in augment reality(AR) virtual reality (VR) and other data-intensive application*

# CYBER SECURITY

.The increassing complexity of technology may drive advancementin cyber security with a focus on proactive threat delection and prevention




.AI and Machine learning may play a circular role in developing adaptive security system

## AUGMENT REALITY(AR)&VIRTUAL REALITY(VR)

.More immersive AR&VR experiencing in gamming, education, trainning and virtual collaboration

.Improved hardware and software may lead to main stream accepIance of AR and VR technologies



SREE SABARI
9 C

# വിദ്യാലയം


ഞാവൽ പഴത്തില് മധുരം
നുണഞ്ഞൊരീ വിദ്യാലയത്തിലെത്താനെനിക്ക് മോഹം
കിളികളുടെ ശബ്ദവും കാറ്റിന്റെ
നാദവും എൻ മനസ്സിനെ ആകെ ആടി ഉലയ്ക്കുന്നു
മധുരം നിറയ്ക്കുന്നു ഈ മധുരിതമാം ഓർമ്മകൾ എൻ
നെഞ്ചിൽ എന്നെന്നും ചേർത്തുവെച്ചീടുന്നു
വീണ്ടുമോർക്കുവാൻ വേണ്ടി
കരുതിവെച്ചിടുന്നു
മോഹിച്ചീടുന്നു ഞാൻ എൻ
വിദ്യാലയത്തിൻ
പടിവാതിക്കൽ
എത്തിനിൽക്കാൻ
കനവുകൾ കണ്ടൊന്ന്
കാത്തിരിക്കാൻ മായുന്നുവോ അതോ
മായ്ക്കുന്നുവോ ഈ
ഓർമ്മകളെന്തെൻ ഹൃദയത്തിൽ നിന്നും മറഞ്ഞീടുന്നു
കനിവായ പച്ചപ്പിൻ പാതകളിലൂടെ നടക്കുമ്പോഴും എൻ
വിദ്യാലയത്തിൽ ഓർമ്മകളാം തീരത്തിൽ ഞാൻ നനയാതെ
നിൽക്കുന്നു
തട്ടിയും മുട്ടിയും പാട്ടുകൾ പാടിയും
ചങ്ങാതികളോടൊപ്പം നടന്നയീ വഴികൾ എന്നെ
കനവിന്റെ ലോകത്തേക്കെത്തിക്കുന്നു





VASISHTA.B
8C

# RIDDLES




*1) If you hold me for a long, you will die. What am I?*

*2)  I am always in front of you but you will never see me. What am I?*

*3) What belongs to you, but other people use it more than you ?*

*4) I have no life, but I can die. What am I?*

*5)the more you take, the more you leave behind. What am I?*

*6) What is in seasons, second, centuries and minutes but not in decades, years and days?*



*ANANYA.A.J*
*9B*

# THE SOLAR SYSTEM

The Moon is a ball like the sun and the earth. The sun does not shine at night and then we have the moon. But some nights we do not see the moon at all when it first shows itself, it is like a fine sickle. The sickle become larger and larger every till it is in the form of bow then the moon is seven day or week old. The next seven days it becomes larger and larger till it is round. Then we say it is full moon, and it is fourteen day old. The next seven days the moon becomes smaller and smaller till it take the form of a bow again.It is then three weeks old. For the next seven days the moon become smaller and smaller again till we do not see it at all. So the moon moves round the earth in twenty eight days. The moon is smaller than the stars but is nearer, so it looks bigger. The moon has no light of its own. IT shines only when the light of the sun falls on it.



ALEEMA.S
9 B

# വിശപ്പ്

അവൾ എന്റെ പാത്രം തട്ടിയപ്പോഴാണ് ഞാൻ എന്റെ ബാല്യകാലം ഓർക്കുന്നത് . ദാരിദ്ര്യം നിറഞ്ഞ കുടുംബത്തിൽ ജീവിക്കുന്ന ഞാനും എന്റെ ആ കൊച്ചുകുടുബവും . അച്ഛനില്ലാത്ത ഞാൻ എന്റെ അമ്മയോടൊപ്പവും കുഞ്ഞ് അനുജനോടൊപ്പം ജീവിച്ചിരുന്നു . അമ്മ മറ്റ് വീടുകളിൽ ചെന്ന് പാത്രം മെഴുക്കിയും മുറ്റമടിച്ചും കിട്ടുന്ന പണം കൊണ്ട് ഞങ്ങൾക്ക് ആവശ്യമായ സാധനങ്ങൾ വാങ്ങിതന്നിരുന്നത്. മറ്റുള്ളവരിൽ നിന്നും മാറ്റമുള്ള ബാല്യകാലമായിരുന്നു എന്റേത്.അങ്ങനയിരിക്കെ അമ്മ ജോലികഴിഞ്ഞ് വരികെ അപകടത്തിൽ പെട്ട് അംഗവൈകല്യം സംഭവിച്ചു. ഞങ്ങൾ ആകെ ദരിദ്ര്യത്തിലായി. അമ്മയെ സംരക്ഷിക്കാൻ വേണ്ടി ഞാൻ ഒരുപാട് പരിശ്രമിക്കുകയും നന്നായി പഠിക്കുകയും ചെയ്തു .വഴിയിൽ കിടന്ന ഒരു ചെറിയ റൊട്ടിയുടെ കഷണം വരെ കഴിക്കേണ്ടിവന്നിരുന്ന ഒരു കാലമായിരുന്നു അത് . അത്തരത്തിൽ ഉള്ള അവസ്ഥയെ മറികടന്നുവന്ന ഒരു വ്യക്തിയായിരുന്നു ഞാൻ . അതുകൊണ്ട് തന്റെ മകൾ തട്ടിയ ആ പാത്രത്തിലെ അരിമണികൾ പെറുക്കി തന്റെ പാത്രത്തിൽ ഇട്ടു കഴിക്കുകയും ചെയ്തു

അജിന. സക്കീർ
9B



# ഒരിക്കൽ ഒരിടത്ത് ഒരു പുഴയുണ്ടായിരുന്നു

മാളുതന്റെ അമ്മയും അച്ഛനോടൊപ്പം മുത്തശ്ശിയെക്കാണാൻ ഗ്രാമത്തിൽ പോകുകയായിരുന്നു. പോകുന്ന വഴിയിൽ സുന്ദരവും മനോഹരവും ആയ പുഴയെ കണ്ടു. ടൗണിൽ താമസിച്ചിരുന്ന മാളു ആദ്യമായി ഇത്രയും ഭംഗിയുള്ള പുഴയെകണ്ടത് . പച്ചപ്പുനിറഞ്ഞ ഗ്രാമത്തിൽ അവൾ ഒരു വലിയ വീട് കണ്ടു .തന്റെ മുത്തശ്ശിയോട് ചോദിച്ചപ്പോഴാണ് ഇവിടെ പുതുതായി പണികഴിപ്പിച്ച വീടാണിത് പെട്ടെന്ന് ആ വീട്ടിൽ നിന്ന് ഒരു കുട്ടിയിറങ്ങി വന്നു. അങ്ങനെ ഇരിക്കെ ഒരു ദിവസം മാളു തന്റെ മുത്തശ്ശിയോടൊപ്പം വികൃതിക്കാരനായ ജെറിയുടെ വീട്ടിൽപോയി അവിടെ അവൾ അക്വേറിയത്തിൽ ഒരുപാട് മത്സ്യങ്ങളെ കണ്ടു . ആ മത്സ്യങ്ങളെ ബന്ധിച്ചിട്ടേക്കുവാണ് എന്ന് മാളുവിനുതോന്നി മാളു അക്വേറിയത്തിൽ തുറിച്ചുനോക്കുന്നത് ജെറി ശ്രദ്ധിച്ചു. മാളുതന്റെ മുത്തശ്ശിയോട് ഈ മീനുകളെ എന്തിനാണ് ഇങ്ങനെ



ഇട്ടേക്കുന്നത് എന്ന് ചോദിച്ചു. ജെറിയിതുകേട്ടു അവൾകൊപ്പം ഈ മീനുകളെ സ്വതന്ത്രമാക്കാൻ മീനുകളെ ബക്കറ്റിലാക്കി മാളുവിനോടൊപ്പം പുഴയിലേക്കുപോയി. ആ പുഴയെ കാൺമാനില്ല പുഴയ്ക്കുപകരം കെട്ടിടങ്ങൾ പണിയുന്നതാണ് ഇവർ രണ്ടുപേരും കണ്ടത് നിരാശപെട്ട് അവർ വീണ്ടും പുഴയെ തിരക്കിയാത്രയായി

അഭിരാമി 9B





# ചില പീഡിയാട്രിക് സ്മരണകൾ

ദേ... മനുഷ്യാ ... സമയം... 7:30 ആവാൻ പോകുന്നു ഉണ്ണിക്കുട്ടാ... എണീക്ക് മോനേ... ഇന്ന് അപ്പോയ്മിൻമെന്റ് ഉള്ളതല്ലേ? പ്രിയതമ വിളിച്ചു. സഹികെട്ടന്ന് അവളുടെ സ്വരത്തിലൂടെ അറിയാം. ഇനിയും കിടന്നാൽ പന്തി കേടാവും. കീമോ ചെയ്ത്തിന്റെ ആലസ്യത്തിൽ ഉറങ്ങുന്ന മോനേയും കെട്ടിപ്പിടിച്ചു കിടന്നപ്പോൾ സമയം പോയതറിഞ്ഞില്ല. ഒരു വിധം ഉയർന്ന്, പ്രഭാതകൃത്യങ്ങൾ നിർവ്വഹിച്ച് മോനേയും ഒരുക്കി പുറത്തിറങ്ങുമ്പോൾ ഭാര്യ വീണ്ടും ...എടാ...നീ മാസ്ക് ഇട്ടിട്ടില്ലല്ലോ ? അവൻ എപ്പോഴും മറക്കുന്ന ഒരു കാര്യം തീരെതാല്പര്യമില്ലാത്തതും.

അങ്ങനെ അവർ റോഡിലെത്തി മൂന്നു നാലു ഓട്ടോറിക്ഷകൾ കടന്നുപോയി ഒഴിഞ്ഞ ഓട്ടോയും കാത്ത് നിൽക്കുമ്പോൾ ഭാര്യ വീണ്ടും ഓർമ്മിപ്പിച്ചു.60-ആണ് ടോക്കൺ നമ്പർ ഇന്ന് മിക്കവാറും. അതൊക്കെ കഴിഞ്ഞു കാണും . ഓട്ടോ ഇറങ്ങി RCCയുടെ പ്രവേശന കവാടത്തിൽ സെക്യൂരിറ്റി, കാർഡ് ചോദിച്ചു. അദ്ദേഹത്തിന്റെ മീശ കണ്ടപ്പോൾ എനിക്ക് ചിരി വന്നു. പുള്ളിക്കാരൻ തന്റെ മീശയിൽ ഒരു താജ്മഹൽ തന്നെ പണിഞ്ഞിട്ടുണ്ട്. കാർഡും കാണിച്ച് അകത്തേക്ക് കയറുമ്പോഴേ ശബ്ദം കേട്ടു. ടിം... ടും...ടോക്കൺ നമ്പറിന്റെ സ്വരം പടിക്കെട്ടിറങ്ങി മടക്കു വളയുമ്പോഴേ കുനിഞ്ഞ് നമ്പറെത്രയായെന്ന് ആകാംക്ഷയോടെ നോക്കി. ഹാവൂ.... ആവുന്നതേ ഉള്ളൂ.



പരിചയമുള്ളതും പരിചയമില്ലാത്തതുമായ പല പല മുഖങ്ങൾ, മാസിക പരിശോധനയ്ക്കും കുട്ടികളെ കൊണ്ട് വന്നവരും, കോഴ്സ് തുടരുന്നവരും പുതുതായിവന്നവരും എല്ലാമുണ്ട് . പഴയ ആൾക്കാർ പരിചയം പുതുക്കുന്നു. വിശേഷങ്ങൾ പങ്കുവെക്കുന്നു. പുതിയവരാകട്ടെ കുഞ്ഞുങ്ങളെയും എടുത്ത് ആശങ്കയോടെ നടന്നുകൊണ്ടിരിക്കുന്നു മറ്റു ചിലർ ആധികാരികമായി സംസാരിക്കുന്നു . വിശയം മറ്റൊന്നുമല്ല കൗണ്ടും,പ്ലേറ്റ്ലറ്റും,ബ്ലഡും ഇൻഫക്ഷനും ഒക്കെ തന്നെ.

പത്ത് മണി ആയിക്കാണും ക്ലാസിൽ നടത്തിയ പരീക്ഷയുടെ പേപ്പറുമായി വരുന്ന ടീച്ചറെ പോലെ കൗണ്ട് പേപ്പറുമായി ലാബിലെ പെൺകുട്ടി മന്ദം മന്ദം ഇറങ്ങി വരുന്നു.

ഞങ്ങൾ ആകാംക്ഷയോടെ ചുറ്റും
കൂടി.അവൾ  പേര് വിളിച്ചു  തുടങ്ങി
കിട്ടിയവരുടെ മുഖം മങ്ങി.
ചിലരുടെ മുഖം  തെളിഞ്ഞു ചിലർ
നെടുവീർപ്പിട്ടു.
പിന്നെ സുഹൃത്തിന്റെ റിസൾട്ടിലേക്ക്
പാളി നോക്കി പുറകിലായി സിസ്റ്റർ നീട്ടി
വിളിച്ചു ടോക്കൺ ഒന്ന് മുതൽ ഇരുപത്
വരെ ....
വാനിറ്റി ബാഗ് കുട്ടികളെയും കൂട്ടി
ഒ.പിയിലേക്ക് നടന്നു  വാനിറ്റി ബാഗും
ചുമന്നു നിൽക്കുന്ന ഇത്രയും പുരുഷ
ജനങ്ങളെ മറ്റൊരു സ്ഥലത്തും
കാൺുമെന്ന് തോന്നുന്നില്ല.
ഒപിയിൽ നിന്നും
ഇറങ്ങിവരുന്ന മകൻ കയ്യിലുണ്ടായിരുന്ന
മിഠായി പെട്ടെന്ന് വായിലിട്ടു.
മിഠായിയുടെ ഒഴിഞ്ഞ കവർ എനിക്ക്
നീട്ടി . ഞാൻ കള്ള പിണക്കം
നടിച്ചപ്പോൾ അവൻ പറഞ്ഞു. ഡോക്ടർ
തന്നെയാണ് എന്ന് അടുത്ത

അപ്പോയിൻമെന്റ് ശനിയാഴ്ച ഇന്ന്
ഇൻജക്ഷൻ ഉണ്ട്. പുറകെ വന്ന ഭാര്യ അതും



പറ ഞ്ഞ്
ടോക്ക ൺ
എടു ക്കാനായി
കൗ ണ്ടറിലേക്ക്
തിര ക്കിട്ട് പോയി
കുറച്ച് മുമ്പെയുള്ള
ടോക്ക ൺ
കിട്ടാനാണിധൃതി പക്ഷെ മിക്കവാറും സച്ചിൻ
ടെൻഡുൽക്കറെ അനുസ്മരിപ്പിക്കും
വിധമായിരിക്കും ടോക്കൺ നമ്പർ
98,99,102,103 എന്നിങ്ങനെ നൂറിനടുത്ത്
കറങ്ങിയും തിരിഞ്ഞുമിരിക്കും മുഖം ചുളിച്ചു
വരുന്ന ഭാര്യയെകണ്ടപ്പോഴെ മനസ്സിലായി
ഏകദേശം ടോക്കൺ നമ്പർ
എത്രയാരിക്കുമെന്ന് ഉം എത്രയാ?ഞാൻ
തിരക്കി 117 അവൾ നെടുവീർപ്പിട്ടു.

ഞാൻ മരുന്നു വാങ്ങാനായി
ഡയറിയും വാങ്ങി പടിക്കെട്ട് കയറാൻ
ഒരുങ്ങുമ്പോൾ രണ്ട് കൈയും ഉയർത്തി
അവനെ എടുക്കാനുള്ള സിഗ്നൽ
ആണത് .തർക്കിച്ചിട്ട്

കാര്യമില്ല അവൻ വിചാരിച്ചെടുത്ത കാര്യങ്ങൾ എത്തിച്ചേരുമെന്ന് നന്നായി അറിയാവുന്ന ഞാൻ അവനെയുമെടുത്ത് പടിക്കെട്ട് കയറി.

ഫാർമസി കൗണ്ടറിൽ മരുന്നുവാങ്ങാൻ തൃശ്ശൂർ പൂരത്തിനെക്കാൾ ആളുണ്ട് RCC യിൽ വരുന്നവരെ ക്ഷമ പഠിപ്പിക്കാനുള്ള ഒരു സ്ഥലമാണ് അതെന്ന് തോന്നിയിട്ടുണ്ട് ക്ഷമയുടെ നെല്ലിപ്പലകയും കണ്ടാണ് പലരുടയും നിൽപ്പ് . അതിനിടക്ക് കയറി വരുന്ന എമർജൻസി ബില്ലുകൾ കാണുമ്പോൾ പലരും നിയന്ത്രണം വിടാറുണ്ട്. നിങ്ങൾ പോയി ഭക്ഷണം കഴിച്ച് പുറത്ത് വിശ്രമഹാളിൽ ഇരുന്നോളൂ ഞാൻ മരുന്നു വാങ്ങി വരാം അവരെ പറഞ്ഞയച്ച് ഞാനും ആ കുരുവിനെ പരിപോഷിക്കാനായി പുറകിലേക്കുനടന്നു



JUMANA SHANAVAS
7 C




DO NOT BURN PLASTIC

*REDUSE REUSE AND RECYCLE*

PLANT MORE TREES AND VEGETATION





**ABHIRAMI M**
**9 B**

# മിഥ്യ

പല തോന്നലുകളും , അനാവശ്യമായ ആകാംക്ഷയും പലരുടെയും ജീവിതത്തെ തകർത്തിട്ടുണ്ട്.....
എല്ലാതരത്തിലുള്ള സ്നേഹവും , സംരക്ഷണവും ലഭിച്ചിട്ടും വഴിതെറ്റിപോകുന്ന പുതിയ തലമുറ.
ഒരു കുട്ടിയുടെ ജീവിതത്തിൽ പെട്ടന്ന് ഉണ്ടായ ചില മാറ്റങ്ങൾ, അവനു പലതും നഷ്ടമാക്കാനുള്ള വഴികൾ കാണിച്ചുകൊടുത്തു.
വളരെയധികം സന്തോഷത്തോടെ മുന്നോട്ടുപോയിരുന്ന ഒരു കുടുംബം. അച്ഛനും , അമ്മയും സമൂഹത്തിൽ വിലയുള്ള ഉന്നതഉദ്യോ ഗസ്ഥർ. മകനായ അതുലും വളരെ മിടുക്കൻ. പഠനത്തിൽ ഒന്നാമൻ. ടീച്ചർമാർക്കും, കുട്ടികൾക്കുമിടയിൽ അവൻ നല്ല ബന്ധം തന്നെ മുന്നോട്ടു കൊണ്ടുപോയിരുന്നു. അച്ഛനെയും, അമ്മയെയും ജീവനുതുല്യം അവൻ സ്നേഹിച്ചിരുന്നു. അവരുടെ സന്തോഷമായിരുന്നു അവന്റെയും സന്തോഷം. അമ്മയെ ദൈവത്തെ പോലെയാണ് അവൻ കണ്ടിരുന്നത്.എല്ലാവരോടും സ്നേഹം മാത്രമുണ്ടായിരുന്ന അതുലിന്റെ സ്വഭാവത്തിൻ പല മാറ്റങ്ങളും പ്രകടമായി. എന്നാൽ സ്വന്തം മകനെ വളരെയധികം വിശ സിച്ച മാതാപിതാക്കൾ അതു കാര്യമാക്കിയില്ല . ദിവസങ്ങൾ മുന്നോട്ടുപോയി.
അവന്റെ സ്വഭാവം ദിവസങ്ങൾ മുന്നോട്ടുപോകുന്നതിന് ഒപ്പം മാറാൻ തുടങ്ങി. കാര്യം എന്താണ് എന്ന് തിരക്കിയ അച്ഛനോട് വളരെ മോശമായി അവൻ പ്രതികരിച്ചു.

അതുലിന്റെ അമ്മയെ അത് വളരെയധികം വിഷമിപ്പിച്ചു. സ്വന്തം മകൻ അവരിൽ നിന്നും അകലുന്നു എന്ന തോന്നൽ അവരെ വേട്ടയാടികൊണ്ടിരുന്നു. അന്വേഷിച്ചപ്പോൾ




മോശപ്പെട്ട കൂട്ടുകെട്ടിൽ കൂടി
അവൻ മയക്കുമരുന്നിന്റെ
അടിമയാ യി തീർന്നു.
അവിട്ട ത്തെ
മയക്കുമരു ന്നിന്റെ ഏജന്റ്
ആയി അവൻ മാറി
എന്നത് അവരെ തളർത്തി . അവനെ ചികിത്സയ്ക്ക് വിധേയമാക്കാൻ അവർ ശ്രമിച്ചു. വീണ്ടും അവൻ മയക്കുമരുന്ന് ഉപയോഗിച്ചുകൊണ്ടേയിരുന്നു. അവൻ മയക്കമരുന്നിന് വലിയ അടിമയായി മാറി. അങ്ങനെ അച്ഛനെയും,അമ്മയെയും തിരിച്ചറിയാത്ത അവസ്ഥയിൽ അതുലെത്തി.അടിമയായി മാറി. അങ്ങനെ അച്ഛനെയും , അമ്മയെയും തിരിച്ചറിയാത്ത അവസ്ഥയിൽ അതുലെത്തി. അങ്ങനെ ഒരു ദിവസം അവനെ പറഞ്ഞു മനസ്സിലാക്കാൻ എത്തിയ അമ്മയെ അവൻ മാരകമായി ഉപദ്രവിച്ചു . അവരെ കൊല്ലാൻ വരെ അവൻ തുനിഞ്ഞു. പെട്ടെന്ന് അവിടെയെത്തിയ അവന്റെ അച്ഛൻ ദേഷ്യത്താലും, സ ടത്താലും ആ നിമിഷം തന്നെ ജീവനൊടുക്കി. അങ്ങനെ അതുല്യമായ അതുലിന്റെയും,മാതാപിതാക്കളുടെയും ജീവിതം അവിടെ അവസാനിച്ചു. പെട്ടെന്നുണ്ടായ മിഥ്യയിൽ ചെയ്ത ഒരു തെറ്റ് അവന്റെ ജീവിതം മുഴുവൻ തകർത്തു.

ശിവതീർത്ഥ.പി
9 B






D O N T S M O K E

**SMOKING CAUSES CANCER**

*SMOKING KILLS*

*DRINKING IS INJURIOUS TO HEALTH*

**DRUGS LEADING TO**

# DEATH



**VYSHNAV OMANAKUTTAN**

**9 B**




മാഗസിൻ തയാറാക്കാൻ
സഹകരിച്ച എല്ലാ
കൂട്ടുകാർക്കും

നന്ദി ....

**K.R.G.P.M VHS & HSS**

**ODANAVATTOM**